ശുചിത്വമിഷൻ
തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

29.12.2025

# പത്രക്കുറിപ്പ്

## * രാജ്യത്തിന് മാതൃകയായി ദുരന്ത മാലിന്യ സംസ്കരണത്തിന് പുതിയ പ്രോട്ടോക്കോൾ; പ്രകാശനം നാളെ (31.12.25) *

പ്രകൃതിക്ഷോഭങ്ങളും മനുഷ്യനിർമ്മിത ദുരന്തങ്ങളുമുണ്ടാകുമ്പോൾ സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനായി ശുചിത്വമിഷൻ തയ്യാറാക്കിയ 'ദുരന്ത മാലിന്യ സംസ്കരണ പ്രോട്ടോക്കോൾ' (Disaster Waste Management Protocol) അംഗീകരിച്ച് സർക്കാർ ഉത്തരവായി. 2024 ൽ വയനാട് മേപ്പാടിയിലുണ്ടായ ഉരുൾപൊട്ടൽവേളയിൽ മാലിന്യ സംസ്കരണ രംഗത്ത് നേരിട്ട വെല്ലുവിളികൾ ഇത്തരമൊരു സ്ഥിരം സംവിധാനത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നതായിരുന്നു. വയനാട് അനുഭവത്തിന്റെ വെളിച്ചത്തിലാണ് ശുചിത്വമിഷൻ മാർഗരേഖ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചത്.

തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം കേരളത്തിലെ എല്ലാ ജില്ലകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഈ പ്രോട്ടോക്കോൾ ബാധകമായിരിക്കും. ഇത്തരത്തിൽ, ദുരന്തസ്വഭാവമനുസരിച്ച് ഉചിതമായ രീതികളുൾക്കൊള്ളുന്ന ദുരന്ത മാലിന്യ പരിപാലന മാർഗരേഖ നിലവിൽ വരുന്നത് രാജ്യത്ത് ആദ്യമായാണ്.

നാളെ (ഡിസംബർ 31) ഉച്ചയ്ക്ക് 12 ന് തദ്ദേശ സ്വയംഭരണ, എക്സൈസ് പാർലമെന്ററികാര്യ മന്ത്രി എം.ബി. രാജേഷ് തിരുവനന്തപുരത്ത് മാർഗരേഖയുടെ ഔദ്യോഗിക പ്രകാശനം നിർവഹിക്കും.

ഹോട്ടൽ റസിഡൻസി ടവറിൽ നടക്കുന്ന പരിപാടിയിൽ ശുചിത്വ മിഷൻ പുതുതായി ആരംഭിക്കുന്ന 'വൃത്തി' ന്യൂസ് ലെറ്റർ, 'മാലിന്യമുക്തം നവകേരളം' റേഡിയോ പ്രോഗ്രാം എന്നിവയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

പ്രളയം, ഉരുൾപൊട്ടൽ, തീരദേശ ദുരന്തങ്ങൾ, തീപിടുത്തം, വ്യാവസായിക അപകടങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിൽ വൻതോതിൽ അപകടകരമായതും അല്ലാത്തതുമായ മാലിന്യങ്ങൾ കേരളത്തിൽ ഉണ്ടാകാറുണ്ട്. കൃത്യമായ ഒരു സംവിധാനത്തിന്റെ അഭാവത്തിൽ ഇത്തരം മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നത് പൊതുജനാരോഗ്യത്തെയും പരിസ്ഥിതിയെയും രക്ഷാപ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കാറുണ്ട്.

പുതിയ പ്രോട്ടോക്കോളിൽ ശുചിത്വ മിഷൻ, ജില്ലാ ഭരണകൂടങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മ സേന, ലൈൻ ഡിപ്പാർട്ട്മെന്റുകൾ എന്നിവയുടെ പങ്ക് കൃത്യമായി

നിർവചിച്ചിട്ടുണ്ട്. ശുചിത്വ മിഷൻ, വാഷ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (WASH Institute) നേതൃത്വത്തിൽ നടന്ന ഗവേഷണങ്ങളുടെയും ഹരിത കർമ്മ സേനാംഗങ്ങൾ, പഞ്ചായത്ത്-നഗരസഭാ പ്രതിനിധികൾ, കെ.എസ്.ഡി.എം.എ (KSDMA) തുടങ്ങിയ വിവിധ മേഖലകളിലെ വിദഗ്ധരുമായി നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിലാണ് പ്രോട്ടോക്കോൾ തയ്യാറാക്കിയത്.

ഖരമാലിന്യം, ദ്രവമാലിന്യം, അപകടകരമായ മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ, നിർമ്മാണ അവശിഷ്ടങ്ങൾ (C&D waste), ഇ-വേസ്റ്റ്, ജന്തു അവശിഷ്ടങ്ങൾ എന്നിങ്ങനെ എല്ലാ വിഭാഗം മാലിന്യങ്ങളെയും ഉൾക്കൊള്ളുന്നതാണ് ഈ പദ്ധതി. ദുരന്തത്തിന് മുമ്പുള്ള മുൻകരുതൽ തയ്യാറെടുപ്പുകൾ, ദുരന്താനന്തര ആദ്യ 72 മണിക്കൂർ അടിയന്തര പ്രതികരണം, തുടർന്ന് പുനരധിവാസ ഘട്ടം എന്നിങ്ങനെ മൂന്ന് വ്യക്തമായ ഘട്ടങ്ങളിലായാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ദുരന്ത സമയത്ത് മാലിന്യത്തിന്റെ അളവും തരവും വേഗത്തിൽ വിലയിരുത്താൻ അതിവേഗ മാലിന്യവിലയിരുത്തൽ രീതികൾ (Rapid Waste Assessment Forms) തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ ചെക്ക് ലിസ്റ്റ്, ജി.ഐ.എസ്. അടിസ്ഥാനത്തിലുള്ള നിരീക്ഷണ സംവിധാനങ്ങൾ എന്നിവയും പ്രോട്ടോക്കോളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ദുരന്ത സാഹചര്യങ്ങളിൽ ദ്രവമാലിന്യവും സെപ്റ്റേജും സുരക്ഷിതമായി കൈകാര്യം ചെയ്യാൻ മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റുകൾ (MTUs), പോർട്ടബിൾ ബയോ ടോയിലറ്റുകൾ, മൊബൈൽ/ഡബിൾ ചേംബർഡ് ഇൻസിനറേറ്ററുകൾ തുടങ്ങിയ സാങ്കേതിക പരിഹാരങ്ങൾ പ്രോട്ടോക്കോളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജി.ഐ.എസ്. – ഡ്രോൺ അടിസ്ഥാനത്തിലുള്ള മാലിന്യ വിലയിരുത്തൽ, ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങളിലൂടെ ഗതാഗത നിരീക്ഷണം എന്നിവ ഉപയോഗിച്ച് വേഗത്തിലും നിയന്ത്രിതമായും ദുരന്ത മാലിന്യ സംസ്കരണം ഉറപ്പാക്കുന്നു.

ദുരന്തങ്ങളിൽ മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിലൂടെ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാനും രണ്ടാംഘട്ട പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കാനും കേരളത്തിന്റെ ദുരന്ത പ്രതിരോധ ശേഷി വർദ്ധിപ്പിക്കാനും ഈ പുതിയ സംവിധാനം സഹായിക്കുമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി.ജോസ് അറിയിച്ചു.

റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം – 695033
ഫോൺ : 0471- 2312730, 2319831, ഇ-മെയിൽ : sanitationkerala@gmail.com